LIBRARY ARCHIVES Kerala Legislative Assembly

മാവേലിക്കര മണ്ഡലത്തിൽ പുതിയ സ്റ്റേഡിയം

293(1278) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പുതിയ സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) മാവേലിക്കര തഴക്കരയിലെ പഴഞ്ചിറക്കുളം നവീകരിച്ച് നീന്തൽ പരിശീലനത്തിന് ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ തുക അനുവദിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

&

(സി) മാവേലിക്കര മണ്ഡലത്തിലെ ചാരുമ്മൂട് കേന്ദ്രമാക്കി ഒരു ഇൻഡോർ സ്റ്റേഡിയം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ആനാവൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ സ്റ്റേഡിയം നവീകരണം

294 (1279) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്ന പാറശ്ശാല മണ്ഡലത്തിലെ ആനാവൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ സ്റ്റേഡിയം നവീകരണത്തിന്റെ ഒന്നാംഘട്ട പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

&

(ബി) രണ്ടാംഘട്ട പ്രവൃത്തികൾക്കായി 2020-21 വർഷത്തെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ ഫണ്ട് അനുവദിക്കുമെന്ന് അറിയിച്ചിരുന്നതിന്മേൽ കായിക വകുപ്പ് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പാറശ്ശാല മണ്ഡലത്തിലെ ആനാവൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ സ്റ്റേഡിയം നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് കായിക യുവജനകാര്യാലയം